**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1715 05/12/2014-ൽ മറുപടിയ്ക്ക്

## വീടുകളിലെ പച്ചക്കറി കൃഷി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എ.അസീസ് | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |

എ) വീടുകളിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത്;

എ) 2014-15-ലെ സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം വീടുകളിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പ് താഴെപ്പറയുന്ന പദ്ധതി ഘടകങ്ങൾ നടപ്പിലാക്കി വരുന്നു.

1. സ്കൂൾ വിദ്യാർത്ഥികൾ മുഖേന വീട്ടു വളപ്പിൽ കൃഷി ചെയ്യുന്നതിന് 50 ലക്ഷം പച്ചകറി വിത്ത് കിറ്റുകൾ സൗജന്യമായി നൽകുന്നു.
2. വീട്ടമ്മമാർക്ക് കൃഷി ചെയ്യുന്നതിനായി 5 ലക്ഷം പച്ചക്കറി വിത്തു കിറ്റുകൾ സൗജന്യമായി നൽകുന്നു.
3. മട്ടുപ്പാവിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധയിനം പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച 25 ഗ്രോബാഗുകൾ വീതം 28334 ഗുണഭോക്താക്കൾക്ക് കൃഷിയ്ക്കായി നൽകുന്നു. കൂടാതെ മുൻ വർഷങ്ങളിൽ കൃഷിയ്ക്കായി നൽകിയ ഗ്രോബാഗുകൾ പുനർജ്ജീവിപ്പിക്കുന്നതിന് വിത്ത്, വളം, തൈകൾ എന്നിവ നൽകുന്നതിനും സഹായം നൽകുന്നുണ്ട്.

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, വെജിറ്റബിൾ ഇൻഷ്യേറ്റീവ് ഫോർ അർബൻ ക്ലസ്റ്റേഴ്സ് പദ്ധതി മുഖാന്തിരം വീടുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് റസിഡൻസ് അസ്സോസ്സിയേഷനുകൾ, സന്നദ്ധസംഘടനകൾ എന്നിവ വഴി ഗുണമേൻമയുള്ള പച്ചക്കറി വിത്തു പാക്കറ്റുകളും പച്ചക്കറി തൈകളും വിതരണം നടത്തി വരുന്നു.

വീട്ടുവളപ്പിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കു-ന്നതിനും വിഷ വിമുക്തമായ പച്ചക്കറികൾ

ലഭ്യമാക്കുന്നതിനുമായി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം 2004 മുതൽ 'ഹരിത നഗരി' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. നാളിതു വരെ 18000 – ൽപ്പരം നഗരവാസികൾ പ്രസ്തുത പദ്ധതിയുടെ ഉപഭോക്താക്കളായി മാറിക്കഴിഞ്ഞിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷം വെജിറ്റബിൾ ഡവലപ്പ്മെന്റ് പദ്ധതി പ്രകാരം, മുനിസിപ്പൽ പ്രദേശങ്ങളിലെ വീടുകളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ, മരട്, ഏലൂർ, കളമശ്ശേരി, ആലുവ എന്നീ മുനിസിപ്പാലിറ്റികളിൽ 'ഗ്രോബാഗ്' പദ്ധതിയും കൗൺസിൽ നടപ്പിലാക്കിയിട്ടുണ്ട്. പോട്ടിങ് മിശ്രിതം നിറച്ച് പച്ചക്കറിത്തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ 6650 വീടുകളിൽ സ്ഥാപിച്ച് കഴിഞ്ഞിട്ടുണ്ട്. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 33 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ കൗൺസിൽ വിതരണം ചെയ്തീട്ടുണ്ട്. 2013-14 സാമ്പത്തികവർഷം എറണാകുളം ജില്ലയിലെ 42 കൃഷി ഭവനുകൾ വഴി 3000 യൂണിറ്റ് ഗ്രോബാഗുകൾ ഉപഭോക്താക്കൾക്ക് വിതരണം ചെയ്ത് കഴിഞ്ഞു. 2014-15 സാമ്പത്തിക വർഷം, കോഴിക്കോട്, വയനാട്, എറണാകുളം എന്നീ ജില്ലകളിൽ പ്രസ്തുത പദ്ധതി കൗൺസിൽ നടപ്പിലാക്കുന്നുണ്ട്.

ബി) ഇതിനായി കൃഷി ഭവനുകൾ മുഖേന എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നതെന്നു വ്യക്തമാക്കുമോ?

ബി) വ്യക്തമാക്കാം.

50 ലക്ഷം സ്കൂൾ വിദ്യാർത്ഥികൾക്ക് 20 രൂപ വില വരുന്ന 50 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകളാണ് നൽകുന്നത്. ഈ കിറ്റുകൾ സ്കൂളുകൾ മുഖേന സൗജന്യമായി നൽകുന്നു. ഇതിനായി സംസ്ഥാനത്ത് പച്ചക്കറി വികസന പദ്ധതിയിൻ കീഴിൽ 400 ലക്ഷം രൂപയും ആർ.കെ.വി.വൈ പദ്ധതിയിൻ കീഴിൽ 600 ലക്ഷം രപൂയും വകയിരുത്തിട്ടുണ്ട്.

5 ലക്ഷം വീട്ടമ്മമാർക്ക് 20 രൂപ വില വരുന്ന 5 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ കൃഷി ഭവനുകൾ മുഖേന

സൗജന്യമായി നൽകുന്നു. ഇതിനായി പച്ചക്കറി വികസന പദ്ധതിയിൻ കീഴിൽ ആകെ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

നഗര/നഗരപ്രാന്ത പ്രദേശങ്ങളിലെ മട്ടുപ്പാവ് കൃഷിയ്ക്കായി 25 ഗ്രോബാഗുകൾ അടങ്ങുന്ന ഗ്രോബാഗ് യൂണിറ്റുകൾ 28334 കർഷകർക്ക് കൃഷിയ്ക്കായി നൽകുന്നു. 2000 രൂപ വില വരുന്ന ഗ്രോബാഗ് യൂണിറ്റുകൾ 75% സബ്സിഡി നിരക്കിലാണ് നൽകുന്നത്. ഗുണഭോക്താക്കൾ 500 രൂപ കൃഷി ഭവനിൽ അടയ്ക്കേണ്ടതാണ്. 28334 ഗ്രോബാഗ് യൂണിറ്റുകൾ നൽകുന്നതിനായി 425 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കഴിഞ്ഞ വർഷങ്ങളിൽ നൽകിയ ഗ്രോബാഗുകൾ പുനരുദ്ധരിച്ച് കൃഷി യോഗ്യമാക്കുന്നതിന് വിത്ത്, പച്ചക്കറി തൈകൾ, വളം എന്നിവ നൽകുന്നതിനായി 25 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

വീടുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി ഭവനുകൾ വഴി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ സൗജന്യമായി പച്ചക്കറി തൈകൾ വിതരണം ചെയ്യുകയും കുറഞ്ഞത് 5 സെന്റ് സ്ഥലം ഉള്ള കർഷകർക്ക് തുറസ്സായ സ്ഥലത്തുള്ള പച്ചക്കറി കൃഷിയ്ക്കായി ധനസഹായം നൽകിവരുകയും ചെയ്യുന്നു.

Snehama

**സെക്ഷൻ ഓഫീസർ**